ഫയൽ നം SSG 1/202/2023-TC തീയതി : 27-03-2024

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്,**

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട് , തൈക്കാട് പി.ഒതിരുവനന്തപുരം - 695 014

ഇ-മെയിൽ : tcoffice.mvd@kerala.gov.in |വെബ്: www.mvd.kerala.gov.in |☎ :0471- 2333317

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
മോട്ടോർ വാഹന വകുപ്പ്, കേരളം

സ്വീകർത്താവ്

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിൻറ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

**വിഷയം:-** മോട്ടോർ വാഹന വകുപ്പ് - ചെക്ക്പോസ്റ്റുകളിൽ സർവീസ് ചാർജ് ഈടാക്കാത്ത വാഹനങ്ങൾ ബ്ലാക്ക് ലിസ്റ്റ് ചെയ്തിരിക്കുന്നതിന് യൂസർ പാസ്സ്‌വേർഡ് നൽകുന്നത്-സംബന്ധിച്ച് :-

**സൂചന :-** വിവിധ വാഹന ഉടമ സംഘടനകളുടെ പ്രതിനിധികൾ 26.03.2024 തീയതിയിൽ ജോയിൻ ട്രാൻസ്പോർട്ട് കമ്മീഷണറുമായി നടത്തിയ കൂടി കാഴ്ചയിലെ തീരുമാനം

മേൽ വിഷയത്തിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. ചെക്ക് പോസ്റ്റുകളിലൂടെ സ്പെഷ്യൽ പെർമിറ്റ് എടുത്തിട്ടുള്ള വാഹനങ്ങൾക്ക് 105/- രൂപ സർവീസ് ചാർജ് ഈടാക്കാതെ വിട്ടുപോയവ അക്കൗണ്ട് ജനറൽ നടത്തിയ ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ളവ വിവിധ ആർ.ടി.ഒ ഓഫീസുകളിൽ ബ്ലാക്ക് ലിസ്റ്റ് ചെയ്തിരിക്കുന്നു. ഒരു വാഹനം തന്നെ പല ചെക്ക്പോസ്റ്റുകളിലൂടെ കടന്നുപോയിട്ടുള്ളതിനാൽ ഇവ പല ആർ.ടി.ഒ ഓഫീസുകളിലും ബ്ലാക്ക് ലിസ്റ്റ് ചെയ്യപ്പെട്ടിരിക്കുന്നു. അതുകൊണ്ടുതന്നെ ഇത്തരത്തിൽ ബ്ലാക്ക് ലിസ്റ്റ് ചെയ്യപ്പെട്ടിരിക്കുന്ന വാഹനങ്ങൾക്ക് നിലവിൽ ചെക്പോസ്റ്റുകളിൽ നിന്നുള്ള തുടർ സേവനങ്ങൾ തടസ്സപ്പെട്ടിരിക്കുന്നു.

ഈ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് വിവിധ വാഹന ഉടമ സംഘടനകൾ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ ഈ ഓഫീസിൽ പരിശോധിച്ചതിൽ നിന്നും 105/- രൂപ സർവീസ് ചാർജ് ഈടാക്കാതെ വിട്ടുപോയ വാഹനങ്ങൾ പല ഓഫീസുകളിലും ബ്ലാക്ക് ലിസ്റ്റ് ചെയ്യപ്പെട്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ വാഹന ഉടമകൾക്ക് ഇവ ഏതൊക്കെ ഓഫീസിലാണ് ബ്ലാക്ക് ലിസ്റ്റ് ചെയ്യപ്പെട്ടിരിക്കുന്നത് എന്നതിനെക്കുറിച്ച് വ്യക്തമായ ഒരു ധാരണ ഇല്ലാത്തതിനാൽ ചെക്ക് പോസ്റ്റുകളിൽ തുടർ സേവനങ്ങൾ തടസ്സപ്പെടുന്നു, ആയത് യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി കാണുന്നു.

ഈ സാഹചര്യത്തിൽ ഈ വിഷയത്തിൽ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ എല്ലാ ആർ.ടി.ഒ ജോയിൻറ് ആർ.ടി.ഓ മാർക്ക് തുടർനടപടികൾക്കായി നൽകുന്നു

1. അക്കൗണ്ട് ജനറൽ നടത്തിയ ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള വാഹനങ്ങൾ, വാഹനിലെ Not to be Transacted എന്ന് ആക്ഷനിൽ എൻടി വരുത്തിയത് ഓഫീസ് മേധാവി അടിയന്തരമായി ഇഷ്യൂ ചെയ്യേണ്ടതാണ്.

2. 105/- രൂപ (നൂറ്റി അഞ്ചു രൂപ) സർവീസ് ചാർജ് ഈടാക്കാതെ വിട്ടുപോയ വാഹനങ്ങൾ ഏതെല്ലാം ഓഫീസുകളിൽ Not to be Transacted ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും, ഇവർക്ക് ബാലൻസ് സർവീസ് ചാർജ് അടയ്ക്കുന്നതിനുള്ള userid/password എന്നിവ പ്രസ്തുത വാഹനം രജിസ്റ്റർ ചെയ്ത ഓഫീസിൽ നിന്നും തന്നെ നൽകേണ്ടതും, തുക അടച്ചതിന് ശേഷം Not to be Transcated റിലീസ് ചെയ്തു നൽകേണ്ടതുമാകുന്നു.
3. RTO/JRTO മാർ LAR പരാമർശങ്ങൾ തീർപ്പ് കൽപ്പിക്കുന്നതിനായി വാഹനിൽ remittance details പരിശോധിച്ച് മറുപടിയിൽ ചേർക്കേണ്ടതാണ്.

**മേൽ നിർദ്ദേശങ്ങൾ വീഴ്ച കൂടാതെ പാലിക്കേണ്ടതാകുന്നു**

വിശ്വസ്തതയോടെ,

K MANOJKUMAR
JOINT TRANSPORT COMMISSIONER & SECRETARY STA

പകർപ്പ് :- എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും